# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4548 — 26.06.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ 14 ജില്ലകളിലും ഓരോ ക്വാളിറ്റി കൺട്രോൾ ലാബ് സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനയുടെ മാർഗ്ഗനിർദ്ദേശത്തിനായി ക്വാളിറ്റി കൺട്രോൾ മാന്വലും, ലാബ് മാന്വലും തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുന്ന എല്ലാ പ്രവൃത്തികളിലും ഗുണനിലവാര പരിശോധനയും ബിൽ മാറുന്നതിന് മുമ്പ് ഗുണനിലവാര സർട്ടിഫിക്കറ്റുകളും ഉറപ്പുവരുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ദേശീയപാത നിർമ്മാണ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർക്കു പുറമേ കേന്ദ്ര മന്ത്രാലയത്തിന്റെ എഞ്ചിനീയർമാരും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. |
| (ബി) | കാലാവസ്ഥയ്ക്ക് അനുയോജ്യമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള ഹരിത നിർമ്മാണ നയം 2013 മാർച്ചിൽ G.O.(Ms) No. 28/2013/PWD തീയതി 07.03.2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കാലാവസ്ഥയ്ക്ക് അനുസൃതമായതും ഈട് നിൽക്കുന്നതുമായ ബിറ്റുമിനും ബിറ്റുമെൻ മിശ്രിതങ്ങളും എമൽഷനുകളും സംസ്ഥാനത്തെ റോഡുകളിൽ ഉപയോഗിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുന്ന ബി.എം. & ബി.സി പ്രവൃത്തികളിൽ ഇപ്പോൾ തന്നെ നാച്ച്വറൽ റബർ മോഡിഫൈഡ് ബിറ്റുമെൻ ഉപയോഗിക്കുന്നു. കുഴികൾ അടക്കുന്നതിനും, റിപ്പയറിംഗിനും മാർക്കറ്റിൽ ലഭ്യമായ മിശ്രിതങ്ങളും, പോട്ട്ഹോൾ ഫില്ലിംഗ് മെഷീൻ പോലുള്ള യന്ത്രങ്ങളും ഉപയോഗിക്കുന്നു. |
| (സി) | പ്രവൃത്തിക്ക് ഒരു നിശ്ചിതകാലം ഗുണമേന്മ ഉറപ്പ് വരുത്താൻ കരാർചട്ടങ്ങളിൽ നിർദ്ദേശം ഉണ്ടാകുമോ ? | (സി) നിർമ്മാണ പ്രവൃത്തിക്ക് നിശ്ചിതകാല ഗുണമേന്മ ഉറപ്പ് വരുത്താൻ Defect Liability Period ചട്ടങ്ങൾ കരാർ ഉടമ്പടിയിൽ നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**